**കേരള സർക്കാർ**

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്- ഓഡിയോ വീഡിയോ പരിപാടികൾ നിർമ്മിക്കുന്നതിന് സാങ്കേതിക വിദഗദ്ധരുടെ പാനൽ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളും മാർഗ്ഗനിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ ( ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് -ഇ) വകുപ്പ്

സ:ഉ: (സാധാ).നം. 2 /10/ഐ&പി.ആർ തിരുവനന്തപുരം, തീയതി 6.1.2010

---

## ഉത്തരവ്

സർക്കാരിന്റെ വാർത്താവിതരണ, പ്രചാരണ, ബോധവത്കരണ പ്രവർത്തനങ്ങൾ നിർവഹിക്കാൻ ചുമതലപ്പെട്ട ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പിൽ ഓഡിയോ വീഡിയോ പരിപാടികളുടെ നിർമ്മാണത്തിനായി വിദഗ്ധരുടെ പാനൽ രൂപീകരിക്കുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥകളും മാർഗ്ഗനിർദ്ദേശങ്ങളും അവലംബിക്കുന്നതാണ്.

1. ഐ&പി.ആർ വകുപ്പിൽ ഓഡിയോ, വീഡിയോ പ്രോഗ്രാമുകളുടെ നിർമ്മാണത്തിനായി രണ്ടു തരത്തിലുള്ള പാനലുകൾ രൂപീകരിക്കുന്നതാണ്. ഡോക്കുമെന്ററി, ഡോക്കുഡ്രാമ, പരസ്യങ്ങൾ എന്നിവയ്ക്കായുള്ള ഒരു പാനലും മൈനർ ഓഡിയോ വീഡിയോ പരിപാടികളുടെ നിർമ്മാണത്തിനായുള്ള പാനലും ഉണ്ടായിരിക്കും

2. എംപാനൽമെന്റിനായി വകുപ്പ് തലത്തിൽ ഒരു എംപാനൽമെന്റ് അഡ്വൈസറികമ്മറ്റി (ഇ.എ.എസ്.) ഉണ്ടായിരിക്കും

3. താഴെപറയുന്ന പ്രകാരമായിരിക്കും എംപാനൽമെന്റ് അഡ്വൈസറികമ്മറ്റിയുടെ ഘടന.

   (എ) ഡയറക്ടർ ഐ&പി.ആർ.ഡി. - അദ്ധ്യക്ഷൻ

   (ബി) പ്രസാർഭാരതി കോർപ്പറേഷനിൽ സ്റ്റേഷൻ ഡയറക്ടർ തലത്തിലുള്ള ഒരു ഓഫീസർ -അംഗം

   (സി) കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിലെ മാസ്കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഒരു അദ്ധ്യാപകൻ - അംഗം

(ഡി) അഡീഷണൽ ഡയറക്ടർ ഐ.&പി.ആർ.ഡി. -അംഗം

(ഇ) ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം) ഐ.&പി.ആർ.ഡി - അംഗം

(എഫ്) ഡെപ്യൂട്ടി ഡയറക്ടർ(എ .വി.സി.) ഐ.&പി.ആർ.ഡി - മെമ്പർ സെക്രട്ടറി

4. പ്രോഗ്രാം നിർമ്മാതാക്കൾ അവരവർക്ക് താല്പ്പര്യമുള്ള മേഖലകൾ സൂചിപ്പിക്കേണ്ടതും അതിലുള്ള പ്രാഗല്ഭ്യം പരിശോധിച്ച് മേഖലകളുമായി ബന്ധപ്പെട്ട പ്രോഗ്രാം നിർമ്മാണചുമതല നല്കുന്നതുമാണ്.

5. ചുവടെപറയുന്ന മേഖലകളിൽ പ്രോഗ്രാം നിർമ്മിക്കുന്നതാണ്.

(എ) സാമൂഹികരംഗം:- ആരോഗ്യവും അനുബന്ധവിഷയങ്ങളും , വിദ്യാഭ്യാസം സ്ത്രീകളേയും കുട്ടികളേയും സംബന്ധിക്കുന്ന കാര്യങ്ങൾ ,സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ

(ബി) അടിസ്ഥാനമേഖല:- ജലവിഭവം, കൃഷി, റോഡ് സുരക്ഷിതത്വം, ഊർജ്ജം, ഗ്രാമീണ വികസനം, പരിസ്ഥിതി മുതലായവ.

(സി) സാമ്പത്തികം

(ഡി) സാമൂഹിക സൗഹാർദ്ദം, സാമൂഹിക സുരക്ഷ

(ഇ) സംസ്കാരം,പൈതൃകം

(എഫ്) ആനുകാലികം

6. ഡോക്കുമെന്ററി, ഡോക്കുഡ്രാമാ, പരസ്യം എന്നിവയുടെ നിർമ്മാതാവ് ആകുന്നതിനുള്ള യോഗ്യത താഴെ പറയുന്ന പ്രകാരമായിരിക്കും. (ഈ വിഭാഗത്തിലെ പാനൽ അംഗമാകുന്നതിന് പ്രത്യേകം അപേക്ഷ നല്കണമെന്നില്ല. നിശ്ചിത യോഗ്യതയുള്ളവരെ പാനൽ അംഗങ്ങളായി കണക്കാക്കി നിർമ്മാണ നിർവഹണത്തിനായി പരിഗണിക്കുന്നതാണ്.)

I പൂന ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊൽക്കത്തയിലെ സത്യജിത്ത്റായ് ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട്, അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നും നേടിയിട്ടുള്ള ഡിഗ്രിയോ ഡിപ്ലോമയോ നേടിയിട്ടുള്ളവർ അല്ലെങ്കിൽ അംഗീകൃത സർവ്വകലാശാല അംഗീകരിച്ചതോ അവരുമായി അഫിലിയേറ്റു ചെയ്തിട്ടുള്ളതോ ആയ വിശ്രുത സ്ഥാപനങ്ങളിൽ നിന്ന് ചലച്ചിത്രകലയിൽ ഡിഗ്രിയോ ഡിപ്ലോമയോ നേടിയിട്ടുള്ളവർ അല്ലെങ്കിൽ

II പ്രഗല്ഭരായ സംവിധായകനെന്ന് അംഗീകാരം ലഭിച്ച ചുവടെ പറയുന്ന ഏതെങ്കിലും ഒരു ദേശീയ അന്തർദേശീയ പുരസ്കാരം നേടിയിട്ടുള്ള ചലചിത്ര സംവിധായകൻ

(1) FIPRECI അംഗീകാരം ലഭിച്ചിട്ടുള്ള മേളകൾ

(2) Cannes Lions International Advertising Festival, France. (Gold Lion, Silver Lion, Bronze Lion)

(3) American Advertising Federation , USA (Golden Addy, Silver Addy, Bronze Addy)

(4) Mobius Advertising Awards, California, USA. (Best Commercial, Best Recreation, Public Service)

(5) Clio Awards, MIAMI,USA(Best Ad Agency,Best Director,Best Art Director, Best Producer)

(6) Top Awards by Advertising Agencies Association of India (AAAI) product categories

(7) 'ABBY' Award, India

(8) Any other awards that may be notified by the Ministry of I&B, Government of India or I&PRD Government of Kerala. അല്ലെങ്കിൽ

III ചലച്ചിത്ര ടി.വി രംഗത്ത് സംസ്ഥാന, ദേശീയ പുരസ്കാരമോ ഇന്ത്യൻ പനോരമയിൽ പ്രവേശനമോ ലഭിച്ചിട്ടുള്ള സംവിധായകർ.

7. മൈനർ ഓഡിയോ വീഡിയോ പ്രോഗ്രാമുകൾ നിർമ്മിക്കുന്നതിനുള്ള പാനലിൽ ഉൾപ്പെട്ടവരുടെ യോഗ്യതകൾ താഴെ പറയുന്ന പ്രകാരമായിരിക്കും

I. ഡോക്കുമെന്ററി, ഡോക്കു. ഡ്രാമാ നിർമ്മാണത്തിനായുള്ള പാനലിൽ ഉൾപ്പെടുന്ന ആർക്കും മൈനർ ഓഡിയോ വീഡിയോ പ്രോഗ്രാം ചെയ്യാവുന്നതാണ്.

II. മാസ് കമ്മ്യൂണിക്കേഷനിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ഡിഗ്രി അല്ലെങ്കിൽ അംഗീകൃത ബിരുദാനന്തര ഡിപ്ലോമ നേടിയവരും ഓഡിയോ വീഡിയോ പരിപാടികൾ നിർമ്മിച്ചു വൈദഗ്ദ്ധ്യം തെളിയിച്ചവരുമായിരിക്കണം.

III. വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ് , സൗണ്ട് റിക്കോർഡിംഗ് എന്നീ മേഖലകളിൽ അംഗീകൃത സർവ്വകലാശാല ഡിഗ്രിയോ ഡിപ്ലോമയോ ഉള്ളവരായിരിക്കണം പ്രസ്തുത മേഖലയിലെ പാനൽ അംഗങ്ങൾ. ഈ രംഗത്തെ പ്രവർത്തന പരിചയം പ്രായോഗികമായി തെളിയിക്കേണ്ടതാണ്.

IV. അവതാരകരും, ഡബ്ബിംഗ് ആർട്ടിസ്റ്റുകളും അതതു മേഖലകളിലുള്ള പ്രാവീണ്യം പ്രായോഗികമായി തെളിയിക്കേണ്ടതും പരിചയത്തിനുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

V. റിപ്പോർട്ടർക്കു മാസ് കമ്മ്യൂണിക്കേഷനിൽ അംഗീകൃത സർവ്വകലാശാല ബിരുദമോ അംഗീകൃത ബിരുദാനന്തര ഡിപ്ലോമയോ ഉണ്ടായിരിക്കണം. ഈ മേഖലയിൽ മുൻ പരിചയമുള്ളത് അഭിലക്ഷണീയമായിരിക്കും.

VI. അംഗീകൃത സർവ്വകലാശാല ബിരുദാനന്തര ബിരുദമുള്ളവർക്കും മാസ് കമ്മ്യൂണിക്കേഷനിൽ അംഗീകൃത ബിരുദമോ അംഗീകൃത ബിരുദാനന്തര ഡിപ്ലോമയോ യുള്ളവരെ സ്ക്രിപ്റ്റ് റൈറ്റർ പാനൽ അംഗമാക്കുന്നതിന് പരിഗണിക്കാവുന്നതാണ്. ഈ മേഖലയിലെ മുൻപരിചയം അഭിലക്ഷണീയമായിരിക്കും.

8.ഡോക്കുമെന്ററി, ഡോക്കു ഡ്രാമാ, പരസ്യ നിർമ്മാണത്തിന് സംവിധായകർക്കുള്ള പ്രതിഫലം പരിപാടിയുടെ കരാർ തുകയുടെ 10 ശതമാനം വരെ നല്കാവുന്നതാണ്.

9 ഒരു പരിപാടിയുടെ കരാർ തുകയുടെ പരമാവധി 5 ശതമാനം വരെ സ്ക്രിപ്റ്റ്റൈറ്റർക്കുള്ള പ്രതിഫലതുകയായി അനുവദിക്കാവുന്നതാണ്.

10. ഡോക്കുമെന്ററി, ഡോക്കു ഡ്രാമാ, പരസ്യം എന്നിവയുടെ നിർമ്മാണത്തിന് വീഡിയോ, എഡിറ്റർ, ക്യാമറാമാൻ തുടങ്ങിയ പ്രോഡക്ഷൻ ടീമിനുള്ള പ്രതിഫലം പ്രോജക്ടിൽ അംഗീകരിച്ചിട്ടുള്ളതനുസരിച്ച് നല്കാവുന്നതാണ്.

11. മൈനർ ആഡിയോ, വീഡിയോ പ്രോഗ്രാം നിർമ്മാണത്തിനുള്ള പ്രോഡക്ഷൻ ടീമിനുള്ള പ്രതിഫലം സമാനജോലികൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളായ സി-ഡിറ്റ്, കെ.എസ്.എഫ്.ഡി.സി. എന്നിവ നല്കിവരുന്ന നിരക്കിൽ നല്കാവുന്നതാണ്.

12.പാനലിൽ ഉൾപ്പെടുന്നതുകൊണ്ട് മാത്രം അതിലുൾപ്പെടുന്നവർക്ക് നിർമ്മാണ ജോലികൾ നല്കണമെന്നില്ല.

13.ഡോക്കുമെന്ററി, ഡോക്കു ഡ്രാമ, പരസ്യം എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ പറയും പ്രകാരമായിരിക്കും

വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന പരിപാടികളെ സംബന്ധിച്ച് മാധ്യമങ്ങളിലൂടെ പരസ്യം നൽകുന്നതും അതനുസരിച്ച് യോഗ്യതയുള്ളവരിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ

വകുപ്പിന്റെ ഇതിനായുള്ള പ്രൊഡക്ഷൻ കം കോസ്റ്റ് കമ്മിറ്റിയുടെ ശുപാർശകൾക്ക് വിധേയമായി തെരഞ്ഞെടുത്ത് നിർമ്മാണചുമതല നൽകുന്നതുമായിരിക്കും

II. നിർമ്മാണചുമതല ലഭിക്കുന്നവർ ബാങ്ക് ഗ്യാരണ്ടി നൽകേണ്ടതും ഇതു സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതുമാണ്.

III സ്ക്രിപ്റ്റ് അംഗീകരിക്കുന്ന മുറയ്ക്ക് അംഗീകൃത തുകയുടെ 25 ശതമാനവും ഷൂട്ടിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് 50 ശതമാനവും പരിപാടി പൂർത്തിയാക്കി വകുപ്പിന് സ്വീകാര്യമായ സൃഷ്ടി സമർപ്പിക്കുന്ന മുറയ്ക്ക് മുഴുവൽ തുകയിൽ ശേഷിക്കുന്നതും നല്കുന്നതാണ്.

IV പൂർത്തീകരിക്കാത്ത പരിപാടിക്ക് തുക നൽകുന്നതല്ല.

V വകുപ്പ് നൽകുന്ന തുകയ്ക്കുള്ള Utilisation Certificate സമർപ്പിക്കേണ്ടതാണ്.

14. മൈനർ ഓഡിയോ, വീഡിയോ പരിപാടികൾ നിർവഹിക്കുന്നതിനുള്ള നടപടിക്രമം ചുവടെ വിശദീകരിക്കുന്നു.

I വകുപ്പിന്റെ ബന്ധപ്പെട്ട പാനലിലുള്ള സാങ്കേതിക വിദഗ്ദ്ധരെ പ്രവർത്തന മികവിനെ സംബന്ധിച്ച ഉത്തമവിശ്വാസത്തിൽ ചുമതലയേൽപ്പിക്കുന്നതിന് വകുപ്പ് ഡയറക്ടർക്കോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

II മൈനർപരിപാടികളുടെ നിർമ്മാണത്തിനുള്ള പ്രതിഫലം വകുപ്പിന്റെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി നിർദ്ദിഷ്ട നിർമ്മാണ നിർവഹണം തൃപ്തികരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് അനുവദിക്കാവുന്നതാണ്.

III സർക്കാരിന്റെ ഉത്തമതാല്പര്യങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനം നടത്തുന്നവരെ പാനലിൽ നിന്നും നീക്കം ചെയ്യുന്നതിന് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കും.

IV പാനൽ അംഗമാകാൻ തെരഞ്ഞെടുക്കപ്പെടുന്നവർ വകുപ്പിന്റെ ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള സമ്മതപത്രം നൽകേണ്ടതാണ്

15. നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് ഐ& പി.ആർ ഡയറക്ടർക്ക്അധികാരം ഉണ്ടായിരിക്കും.

16.മേൽ സൂചിപ്പിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൂടാതെയും അവശ്യഘട്ടങ്ങളിൽ അനുയോജ്യരായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് ഐ&പി.ആർ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും

(ഗവർണ്ണറുടെഉത്തരവിൻപ്രകാരം)

ഷീലാതോമസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(മീഡിയാ റിലേഷൻസ്, പ്രസിദ്ധീകരണം, പരസ്യം, ആഡിയോ വീഡിയോ കമ്മ്യൂണിക്കേഷൻ, വെബ് & ന്യൂ മീഡിയ)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ( കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)

ഡയറക്ടറേറ്റിലെ എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

ഡയറക്ടറേറ്റിലെ എല്ലാ അസിസ്റ്റന്റ് എഡിറ്റർമാർക്കും

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലെ എല്ലാ അസിസ്റ്റന്റ് എഡിറ്റർമാർക്കും

കൾച്ചറൽ ഡെവലപ്പ്മെന്റ് ഓഫീസർ, ടാഗോർ തീയേറ്റർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, കേരള ഇൻഫർമേഷൻ ഓഫീസ്, ന്യൂഡൽഹി

അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ഓഡിറ്റ് ) കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

സി.എ& ഡി.പി.ആർ/ എ.ഡി.പി.ആർ
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക
അക്കൗണ്ട് ഓഫീസർ
ചീഫ് ഫോട്ടോഗ്രാഫർ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻഓഫീസർ